# <u>പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

വിഷയം : പഞ്ചായത്ത്തല കമ്പ്യൂട്ടർ പരിശീലനം – സാംഖ്യ ആപ്ലിക്കേഷൻ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി സമ്പ്രദായത്തിൽ പ്രായോഗിക കമ്പ്യൂട്ടർ പരിശീലനത്തിന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റുമാർ, ക്ലാർക്കുമാർ എന്നിവരെ നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: സ.ഉ.(എം.എസ്.)നം.128/2011/തസ്വഭവ, തീയതി: 06.07.2011.

## <u>ഉത്തരവ് നമ്പർ ജെ5– 18815/2011 തീയതി: 14.10.2011.</u>

ഗ്രാമപഞ്ചായത്തുകളിൽ സാംഖ്യ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം 01.04.2011 മുതൽ നടപ്പിലാക്കുന്നതിന് പരാമർശപ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് ക്യാഷ് അടിസ്ഥാനത്തിലാണ്. എന്നാൽ 2011 ഏപ്രിൽ മുതൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് അനുവർത്തിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സാംഖ്യ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർക്കും, അക്കൗണ്ടന്റുമാർക്കും, ക്യാഷ് കൈകാര്യം ചെയ്യുന്നതും അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട ക്ലാർക്കുമാർക്കും പ്രായോഗിക പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അനുബന്ധ പട്ടികയിൽ ചേർത്തിട്ടുള്ള 40 ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റുമാർക്ക് നാലാമത്തെ ബാച്ചായി **17.10.2011 മുതൽ 20.10.2011** വരെ (രാവിലെ 9.00 മുതൽ) 4 ദിവസത്തെ പരിശീലനവും മൂന്നാമത്തെ ബാച്ചായി അനുബന്ധ പട്ടികയിൽ ചേർത്തിട്ടുള്ള 25 ഗ്രാമപഞ്ചായത്തുകളിലെ ക്ലാർക്കുമാർക്ക് **18.10.2011 മുതൽ 21.10.2011** വരെ (രാവിലെ 9.00 മുതൽ) 4 ദിവസത്തെ പരിശീലനവും നാലാമത്തെ ബാച്ചായി അനുബന്ധപട്ടികയിൽ ചേർത്തിട്ടുള്ള 40 ഗ്രാമപഞ്ചായത്തുകളിലെ ക്ലാർക്കുമാർക്ക് **21.10.2011 മുതൽ 24.10.2011** വരെ (രാവിലെ 9.00 മുതൽ) 4 ദിവസത്തെ പരിശീലനവും നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. പരിശീലനം പൂർണ്ണമായും 'കില'യുടെ ആഭിമുഖ്യത്തിലായിരിക്കും. ഇതിനുവേണ്ടിയുള്ള യൂസർ മാന്വലുകൾ നൽകുന്നതിനും മാസ്റ്റർ ട്രെയിനർമാരെ നൽകുന്നതിനുള്ള ചുമതല ഐ.കെ.എം. ആണ് നിർവ്വഹിക്കുന്നത്.

മേൽ സാഹചര്യത്തിൽ അനുബന്ധം (1) പട്ടികയിൽ ചേർത്തിട്ടുള്ള 40 ഗ്രാമപഞ്ചായത്തുകളിലെ 40 അക്കൗണ്ടന്റുമാർക്കും, 40 ക്ലാർക്കുമാർക്കും **ഐ.ആർ.ടി.സി. ക്യാംപസ്, മുണ്ടൂർ പി.ഒ., പാലക്കാട് (ഫോൺ നം. 0491–2832663)** എന്ന സ്ഥലത്തുവച്ചും അനുബന്ധം (2) പട്ടികയിൽ ചേർത്തിട്ടുള്ള 25 ഗ്രാമപഞ്ചായത്തുകളിലെ ക്ലാർക്കുമാർക്ക് **വയനാട് ജില്ലയിലെ എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷൻ (പുതൂർവയൽ, കല്പറ്റ, ഫോൺ നം.0493–6204477)** എന്ന സ്ഥലത്ത് വച്ചും നടക്കുന്ന സാംഖ്യ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലുള്ള പ്രായോഗിക പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന്

നിയോഗിക്കാൻ ബന്ധപ്പെട്ടവർക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരിശീലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടന്റുമാർ, ക്ലാർക്കുമാർ എന്നിവർ പരിശീലനത്തിൽ പങ്കെടുക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും വിജയകരമായി പരിശീലനം പൂർത്തിയാക്കിയ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടു ത്തേണ്ടതുമാണ്. പരിശീലന പരിപാടി പൂർണ്ണമായും റസിഡൻഷ്യൽ രീതിയിലുള്ളതും പരിശീലനകാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതുമാണ്. പരിശീലനത്തിൽ ഹാജരാകാതിരിക്കുന്നവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ സമയ കൃത്യത കർശനമായി പാലിക്കേണ്ടതാണ്.

*(ഒപ്പ്)*
**കെ.ആർ.മുരളീധരൻ, ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ)

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം.

ഡയറക്ടർ, കില.

സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ.

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)

കരുതൽ/അധികം.

**ആജ്ഞാനുസരണം**

**സൂപ്രണ്ട്**

## അനുബന്ധം (1)

| | | | തസ്തിക | |
|---|---|---|---|---|
| ക്രമ നമ്പർ | ജില്ല | ഗ്രാമപഞ്ചായത്ത് | ഐ.ആർ.ടി.സി. ക്യാംപസ്, മുണ്ടൂർ പി.ഒ., പാലക്കാട് (ഫോൺ നം. 0491–2832663) | |
| | | | 17.10.2011 മുതൽ 20.10.2011 വരെ (രാവിലെ 9.00 മുതൽ) | 21.10.2011 മുതൽ 24.10.2011 വരെ (രാവിലെ 9.00 മുതൽ) |
| 1 | പാലക്കാട് | ചളവറ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | ശ്രീകൃഷ്ണപുരം | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കരിമ്പ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | തിരുവേഗപുറ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | മണ്ണാർക്കാട് | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | മുണ്ടൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കോട്ടായി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കുത്തന്നൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | നല്ലേപിള്ളി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | പട്ടാഞ്ചേരി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | വടക്കരപ്പതി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കൊടുവായൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | വടവന്നൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | അയിലൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | എലവഞ്ചേരി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | മേലാർകോട് | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | വണ്ടാഴി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | വടക്കഞ്ചേരി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | അകത്തേത്തറ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | മലമ്പുഴ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കണ്ണമ്പ്ര | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കുമരംപുത്തൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കാഞ്ഞിരപുഴ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | ത്രിത്തല | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | തിരുമിറ്റകോട് | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കടമ്പഴിപ്പുറം | അക്കൗണ്ടന്റ് | ക്ലാർക്ക് |
| 2 | തൃശ്ശൂർ | പോർക്കുളം | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | എടവിലങ്ങ് | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | വരാന്തരപ്പള്ളി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | പുന്നയൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | തോളൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | പെരിഞ്ഞനം | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | നടത്തറ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | ചൊവ്വന്നൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | താന്ന്യം | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | അന്നമനട | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | പൊയ്യ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | കൊണ്ടാഴി | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | പടിയൂർ | അക്കൗണ്ടന്റ് | ക്ലാർക്ക് |
| | | തിരുവില്വാമല | അക്കൗണ്ടന്റ് | ക്ലാർക്ക് |

**പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി**

**അനുബന്ധം (2)**

| | | | തസ്തിക |
|---|---|---|---|
| ക്രമ നമ്പർ | ജില്ല | ഗ്രാമപഞ്ചായത്ത് | വയനാട് ജില്ലയിലെ എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷൻ (പുതൂർവയൽ, കല്പറ്റ, ഫോൺ നം.0493-6204477) |
| | | | 18.10.2011 മുതൽ 21.10.2011 വരെ (രാവിലെ 9.00 മുതൽ) |
| 1 | മലപ്പുറം | താനാളൂർ | ക്ലാർക്ക് |
| | | താനൂർ | ക്ലാർക്ക് |
| | | തലക്കാട് | ക്ലാർക്ക് |
| | | മംഗളം | ക്ലാർക്ക് |
| | | പരപ്പനങ്ങാടി | ക്ലാർക്ക് |
| | | പെരുവള്ളൂർ | ക്ലാർക്ക് |
| | | വേങ്ങര | ക്ലാർക്ക് |
| | | മമ്പാട് | ക്ലാർക്ക് |
| | | തിരുവാലി | ക്ലാർക്ക് |
| 2 | കോഴിക്കോട് | അഴിയൂർ | ക്ലാർക്ക് |
| | | കടലുണ്ടി | ക്ലാർക്ക് |
| | | മുക്കം | ക്ലാർക്ക് |
| 3 | വയനാട് | കോട്ടത്തറ | ക്ലാർക്ക് |
| | | മുള്ളൻകൊല്ലി | ക്ലാർക്ക് |
| | | പുൽപ്പള്ളി | ക്ലാർക്ക് |
| | | നൂൽപ്പുഴ | ക്ലാർക്ക് |
| | | നെന്മേനി | ക്ലാർക്ക് |
| | | പൂതാടി | ക്ലാർക്ക് |
| 4 | കണ്ണൂർ | ചപ്പാരപ്പടവ് | ക്ലാർക്ക് |
| | | എരുവശ്ശി | ക്ലാർക്ക് |
| | | ന്യൂമാഹി | ക്ലാർക്ക് |
| | | പിണറായി | ക്ലാർക്ക് |
| | | ധർമ്മടം | ക്ലാർക്ക് |
| | | കുഞ്ഞിമംഗലം | ക്ലാർക്ക് |
| | | പെരിങ്ങോം-വയൽകര | ക്ലാർക്ക് |

**പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി**